# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: T 1040:** **11.7.2011 ന് മറുപടിക്ക്**

### ഐ.ടി.ഐ.കൾ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) പുതിയ ഗവൺമെന്റ് ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും പ്രാദേശികമായി ലഭ്യമാക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (എ) ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥലവും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി നൽകുകയാണെങ്കിൽ അവിടങ്ങളിൽ സർക്കാർ ഐ.ടി.ഐകൾ ആരംഭിക്കുന്നത് പരിഗണിക്കുക എന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. |
| (ബി) ഇപ്രകാരം എവിടെയൊക്കെ ഐ.ടി.ഐ.കൾക്കാവശ്യമായ സ്ഥലവും കെട്ടിട സൗകര്യവും ഇതുവരെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) ഇളമാട് (കൊല്ലം), മാടായി (കണ്ണൂർ), ചേലക്കര (തൃശ്ശൂർ) മടിക്കൈ (കാസർഗോഡ്) എന്നീ ഐ.ടി.ഐ. കളുടെ സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (സി) സ്ഥലവും കെട്ടിടസൗകര്യങ്ങളും ലഭ്യമാകാത്ത സ്ഥലങ്ങളിൽ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യവും ലഭ്യമാക്കുന്ന സ്ഥലങ്ങളിലാണ് പുതിയ ഐ.ടി.ഐ. കൾ ആരംഭിച്ചിട്ടുള്ളത്. സ്ഥലം സർക്കാർ ഏറ്റെടുത്തു നൽകുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.